**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1682** **16-10-2026-ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മണ്ഡലത്തിലെ പ്രദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ നിലവിലുള്ള സർവീസുകൾക്ക് പുറമെ പുതിയ ബസ് സർവീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് യാത്രാവശ്യം പരിഗണിച്ച് സാധ്യതാ പഠനം നടത്തി ടി റൂട്ടിൽ നിലവിലുള്ള സ്വകാര്യ ബസുകളുടെ സമയ ക്രമവും മറ്റ് പൊതുഗതാഗത സംവിധാനത്തിന്റെ സാധ്യതയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**(ബി)** കുറ്റിപ്പുറം-വളാഞ്ചേരി-അങ്ങാടിപ്പുറം-പെരിന്തൽമണ്ണ റൂട്ടിലും, വളാഞ്ചേരി-കാടാമ്പുഴ-മലപ്പുറം റൂട്ടിലും കോട്ടയ്ക്കൽ-മലപ്പുറം-പെരിന്തൽമണ്ണ റൂട്ടിലും പുതിയ കെ.എസ്.ആർ.ടി.സി. പ്രിയദർശിനി ബസ് സർവീസുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. പ്രിയദർശിനി ബസ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** പ്രസ്തുത റൂട്ടുകളിൽ സർവീസ് ആരംഭിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടുള്ള എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് യൂണിറ്റ് തലത്തിൽ സാധ്യതാപഠനം നടത്തിയും നിലവിൽ ടി റൂട്ടിലെ സ്വകാര്യ ബസ് ഉൾപ്പെടെയുള്ള പൊതുഗതാഗത സൗകര്യം, സമയക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത് പരിശോധിച്ചശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**